നം.ഇ.എക്സ്/സിജിഎൽ.1/34123/18/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 20/08/2018.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.**

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - പ്രളയക്കെടുതിയിൽ എസ്.എസ്.എൽ.സി. ഉൾപ്പെടെ പൊതുപരീക്ഷകളുടെ സർട്ടിഫിക്കറ്റ് നഷ്ടമായവർക്ക് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുന്നത് - സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ 19/08/2018 തീയതിയിലെ എസ്.എസ്.(1)/19-08/2018/ഡി.പി.ഐ നമ്പർ സർക്കുലർ

സൂചന സർക്കുലർ പ്രകാരം വിദ്യാഭ്യാസ വകുപ്പ് വിതരണം ചെയ്യുന്ന വിവിധ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർ സെപ്റ്റംബർ 3-നു മുമ്പായി ബന്ധപ്പെട്ട സ്കൂളിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്ത് അപേക്ഷ നൽകുവാനും, വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഈ വിവരങ്ങൾ ശേഖരിച്ച് സെപ്റ്റംബർ 5-ന് പരീക്ഷാഭവനിൽ ലഭ്യമാക്കുവാനും ഫീൽഡ് തലത്തിൽ അറിയിപ്പ് നൽകിയിട്ടുണ്ട്.

നിശ്ചിത ഫോമിലുള്ള അപേക്ഷ പ്രഥമാദ്ധ്യാപകർ പരീക്ഷാഭവന്റെ വെബ്സെറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അപേക്ഷകർക്ക് സൗജന്യമായി നൽകുവാനും ആയത് ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തി സെപ്റ്റംബർ 5-നു മുമ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ സമർപ്പിക്കുകയും പരീക്ഷാഭവനിൽ ഡെപ്യൂട്ടി ഡയറക്ടർ നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ സെപ്റ്റംബർ 6-നു തന്നെ അപേക്ഷകൾ പരീക്ഷാഭവനിൽ എത്തിക്കേണ്ടതുമാണ്.

2001 മുതൽ എസ്.എസ്.എൽ.സി പരീക്ഷയെഴുതിയ വിദ്യാർത്ഥികളുടെ വിവരം ഡിജിറ്റലൈസ് ചെയ്തിട്ടുള്ളതിനാൽ വിദ്യാലയത്തിൽ നിന്നും അപേക്ഷ ലഭ്യമായി ഉടൻതന്നെ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് പ്രഥമാദ്ധ്യാപകർക്ക് അയച്ചു കൊടുക്കുന്നതാണ്. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് പ്രഥമാദ്ധ്യാപകന്റെ ഒപ്പും, സീലും പതിച്ചതിനുശേഷം അപേക്ഷകർക്ക് വിദ്യാലയത്തിൽ നിന്നും സ്വീകരിക്കാവുന്നതാണ്.

2001-ന് മുമ്പുള്ള വിദ്യാർത്ഥികളുടെ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ലഭ്യമായാൽ ഉടൻതന്നെ ബ്ലാങ്ക് എസ്.എസ്.എൽ.സി ബുക്ക് ബയോഡേറ്റാ ഭാഗം ഫിൽ ചെയ്യുന്നതിനായി വിദ്യാലയത്തിലേക്ക് അയച്ചു നൽകുന്നതും, അത് തിരികെ പരീക്ഷാഭവനിൽ ലഭ്യമാകുന്ന മുറയ്ക്ക് മാർക്ക് വിവരങ്ങൾ രേഖപ്പെടുത്തി പ്രഥമാദ്ധ്യാപകർക്ക് അയച്ചു നൽകുന്നതുമാണ്.

എസ്.എസ്.എൽ.സി തുടങ്ങി വിവിധ പൊതുപരീക്ഷകളുടെ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനായുള്ള അപേക്ഷയിന്മേൽ ഉൾപ്പെടുത്തേണ്ട പ്രമാണങ്ങളായ പത്രപ്പരസ്യം, ഫസ്റ്റ്ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ അഫിഡവിറ്റ്, 350/- രൂപ ചെലാൻ എന്നിവ പ്രത്യേക സാഹചര്യം പരിഗണിച്ച് ഒഴിവാക്കേണ്ടതാണ്. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനായുള്ള അപേക്ഷയിൽ വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പർ, പരീക്ഷയെഴുതിയ വർഷം, മാസം എന്നിവ കൃത്യമായി രേഖപ്പെടുത്തി പ്രഥമാദ്ധ്യാപകർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. രജിസ്റ്റർ നമ്പർ കൃത്യമായി അറിയാത്ത അപേക്ഷകർക്ക് ഡ്യൂപ്ലിക്കേറ്റ് രജിസ്റ്റർ പരിശോധിച്ച് പ്രഥമാദ്ധ്യാപകർ രജിസ്റ്റർ നമ്പർ പറഞ്ഞു കൊടുക്കേണ്ടതാണ്.

പ്രഥമാദ്ധ്യാപകരിൽ നിന്നും വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ ശേഖരിക്കുന്ന അപേക്ഷകൾ സെപ്റ്റംബർ 6-നു തന്നെ പ്രത്യേക ദൂതൻ മുഖേന പരീക്ഷാഭവനിൽ എത്തിച്ച് റസീപ്റ്റ് കൈപ്പറ്റേണ്ടതാണ്. ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, എല്ലാ പ്രഥമാദ്ധ്യാപകർക്കും ഇത് സംബന്ധിച്ച വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**പരീക്ഷാകമ്മീഷണർ**

പകർപ്പ്:- 1. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
2. എല്ലാ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

**APPLICATION FOR ISSUE OF A DUPLICATE QUALIFICATION CERTIFICATE**

**ഡ്യൂപ്ലിക്കേറ്റ് യോഗ്യതാ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷാ ഫോറം**

Office of the Commissioner for Government Examinations, Pareeksha Bhavan, Poojappura, Thiruvananthapuram, Kerala 695012

# പ്രളയക്കെടുതിയിൽ നഷ്ടപ്പെട്ട സർട്ടിഫിക്കറ്റിനുള്ള അപേക്ഷ

## Applicant Information

Name of the applicant with full address:
അപേക്ഷകന്റെ പേരും പൂർണ്ണ മേൽവിലാസവും ______________________

Present address of applicant:
അപേക്ഷകന്റെ ഇപ്പോഴത്തെ മേൽവിലാസം: ______________________

Name of Parent/Guardian
രക്ഷകർത്താവിന്റെ പേര് : ______________________

Date of birth: ____________ Aadhar no: ____________

Phone: ____________ Mobile no: ____________ Email: ____________

## Particulars of the Examination

| Particulars of the Examination<br>പരീക്ഷാ സംബന്ധമായ വിവരങ്ങൾ: | രജി. നമ്പർ | വർഷവും മാസവും | പരീക്ഷാ കേന്ദ്രം |
|---|---|---|---|
| ഒന്നാം അവസരം/I appearance | | | |
| രണ്ടാം അവസരം/II appearance | | | |
| മൂന്നാം അവസരം/III appearance etc. | | | |

## Other Information

Circumstances under which a Duplicate Certificate is applied for?
ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കാനുള്ള സാഹചര്യം (നഷ്ടപ്പെടൽ/കേടുപാട് സംഭവിക്കൽ) Lost ☐ Damaged ☐

Has applicant applied for a duplicate certificate before?
അപേക്ഷകൻ ഇതിനുമുമ്പ് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ടോ ? YES ☐ NO ☐

## Declaration

***ഞാൻ................................... ഇവിടെ സാക്ഷ്യപ്പെടുത്തുന്നതെന്തെന്നാൽ എന്റെ അസ്സൽ സർട്ടിഫിക്കറ്റ് 2018 ഓഗസ്റ്റ് മാസത്തിലെ പ്രളയക്കെടുതിയിൽ നഷ്ടപ്പെട്ടു / കേടുപാട് സംഭവിച്ചു.***

സ്ഥലം (Place):
തീയതി (Date)

**അപേക്ഷകന്റെ ഒപ്പ്**
***(Signature of applicant)***

## CERTIFICATE OF THE HEAD OF THE SCHOOL FROM WHICH THE APPLICANT WAS PRESENTED FOR THE EXAMINATION FOR THE FIRST TIME

*ഞാൻ ഇവിടെ സാക്ഷ്യപ്പെടുത്തുന്നതെന്തെന്നാൽ എന്റെ അറിവും വിശ്വസ്തതയോടും കൂടി നൽകിയ ഈ അപേക്ഷകന്റെ അസ്സൽ സർട്ടിഫിക്കറ്റ് 2018 ഓഗസ്റ്റ് മാസത്തിലെ പ്രളയക്കെടുതിയിൽ തിരിച്ചു കിട്ടാത്ത വിധത്തിൽ നഷ്ടപ്പെട്ടിരിക്കുന്നു/ കേടുപാടുകൾ സംഭവിച്ചിരിക്കുന്നു. അപേക്ഷകന്റെ മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ഞാൻ വിശദമായി പരിശോധിക്കുകയും ശരിയാണെന്ന് കണ്ടെത്തുകയും ചെയ്തു. അതിനാൽ ഈ അപേക്ഷകന് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകണമെന്ന് താല്പര്യപ്പെടുന്നു..*

| Name of Examination (SSLC/THSLC etc) | If SSLC, Name of applicant as per adminition register | Register Number | If SSLC, Admission no | Year of registration |
|---|---|---|---|---|
| | | | | |

സ്ഥലം (Place):
തീയതി (Date)

ഹെഡ്മാസ്റ്റർ/Headmaster
Name of School with Post office and Educational District
(office Seal)